**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2057** **12-09-2023 - ൽ മറുപടിയ്ക്ക്**

**വൃക്കരോഗം ബാധിച്ച ക്ഷീരകർഷകയ്ക്കുള്ള പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വൃക്കരോഗം ബാധിച്ച് ചികിൽസയിൽ കഴിയുന്ന ശ്രീമതി ഗീതാകുമാരി, ഗീതാഭവനം, വട്ടുകുളം പി.ഒ, കടപ്പൂർ, കോട്ടയം എന്നയാൾ തനിക്ക് ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ ലഭിക്കുന്നില്ലെന്ന് കാണിച്ച് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | കോട്ടയം മാഞ്ഞൂർ കടപ്പൂർ ക്ഷീരസംഘത്തിലെ ശ്രീമതി.ഗീതകുമാരി.എം.സി (0509080005) ക്ക് 2023 ജൂൺ മാസം വരെയുള്ള പെൻഷൻ ടിയാന്റെ അക്കൗണ്ടിലേക്ക് (A/C No. 67241487739) ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത അപേക്ഷകയ്ക്ക് ചികിൽസാ ആനുകൂല്യം ലഭിക്കുന്നതിനും പെൻഷൻ ലഭിക്കുന്നതിനും മാനുഷികമായ പരിഗണന നൽകുമോ; വിശദമാക്കാമോ? | (ബി) | ശ്രീമതി.ഗീതകുമാരിയുടെ ചികിത്സാ ധനസഹായ അപേക്ഷ (ടോക്കൺ നമ്പർ KSS-14/2022-2023/299) 21.01.2023 തീയതിയിൽ ക്ഷീരകർഷക ക്ഷേമനിധി ഓഫീസിൽ ലഭ്യമായിട്ടുള്ളതാണ്. ക്ഷീരസുരക്ഷ പദ്ധതിയ്ക്ക് അനുവദിച്ച 25 ലക്ഷം രൂപ വിനിയോഗിച്ചതിനു ശേഷം ലഭ്യമായിട്ടുള്ള അപേക്ഷകർക്ക് ക്ഷേമനിധിയുടെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ